453066/2019/FAIRCOPY AH

"ഭരണഭാഷ - മാതൃഭാഷ"

Kh

**കേരള സർക്കാർ**

**സംഗ്രഹം**

മൃഗസംരക്ഷണ വകുപ്പ് - ജീവനക്കാര്യം - ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ കീഴിൽ വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായ ശ്രീ.അരുൺകുമാർ.എസ്.എൽ -ന് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**കൃഷി(മൃഗസംരക്ഷണ- ഇ)വകുപ്പ്**

സ.ഉ.(കൈ)നം.29/2019/എ.എച്ച്.ഡി തീയതി, തിരുവനന്തപുരം, 18.11.2019.

==========================================================

പരാമർശം: 1. സ.ഉ(പി) 36/91/ഉഭപവ; തീയതി 02.12.1991.

2. മൃഗസംരക്ഷണ വകുപ്പ ഡയറക്ടറുടെ 25.03.2019 ലെ എ.എച്ച്.ഡി/567/2019 -കെ4 നമ്പർ കത്ത്.

3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 19.06.2019 ലെ DCTVM/3250/2019-S6 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ കീഴിൽ വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീ.അരുൺകുമാർ.എസ്.എൽ, തന്റെ മാതാപിതാക്കൾക്ക് ആരോഗ്യപരമായ ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ അവരെ സംരക്ഷിക്കുന്നതിനായി അനുകമ്പാർഹ പരിഗണന നൽകി ഇടുക്കി ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തു സമർപ്പിക്കുകയുണ്ടായി.

2. 01.10.2016 ലാണ് ശ്രീ.അരുൺകുമാർ.എസ്.എൽ ഇടുക്കി ജില്ലയിൽ വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലിയിൽ പ്രവേശിച്ചത്. ശ്രീ.അരുൺകുമാർ.എസ്.എൽ -ന്റെ പിതാവ് സ്ട്രോക്ക് സംബന്ധിച്ച ചികിത്സയിലാണെന്നും കിടപ്പ രോഗിയാണെന്നും മാതാവിന് വാർദ്ധക്യ സഹജമായ അസുഖങ്ങൾ ഉള്ളതായും മക്കളായി അപേക്ഷകനായ ശ്രീ.അരുൺകുമാർ.എസ്.എൽ മാത്രമാണുള്ളതെന്നും ടിയാന്റെ അഭാവത്തിൽ ടിയാന്റെ ഭാര്യയും അമ്മയും മാത്രമേ വീട്ടിലുള്ളുവെന്നും ടിയാന്റെ പിതാവിന് 2 തവണ സ്ട്രോക്ക് വന്നിട്ടുള്ളതായും പിതാവിനെ സംരക്ഷിക്കുവാൻ മറ്റാരും ഇല്ലായെന്നും പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൃഗസംരക്ഷണ വകുപ്പിൽ വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ശ്രീ.അരുൺകുമാർ.എസ്.എൽ- ന് മേല്പറഞ്ഞ വസ്തുതകളെല്ലാം കണക്കിലെടുത്ത് അനുകമ്പാർഹ പരിഗണന നൽകി അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന് അഞ്ച്

.......2

വർഷം സേവനം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ച കൊണ്ട് ഇതൊരു പ്രത്യേക കേസായി, നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി, ഇടുക്കി ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള/ഇനി ഉണ്ടാകുന്ന ആദ്യ ഒഴിവിൽ സ്ഥലം മാറ്റം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**രാജേഷ് കുമാർ സിംഗ്**
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, തിരുവനന്തപുരം.
✓ ശ്രീ.അരുൺകുമാർ.എസ്.എൽ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, വെറ്ററിനറി ഡിസ്പെൻസറി, വണ്ടിപെരിയാർ, ഇടുക്കി (മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ) ബ്രാഞ്ച് ഓഫീസ്, കൊച്ചി.
വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധപെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഭരണഭാഷ–മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ഓഫീസ് നടപടിക്രമം**
**മൃഗസംരക്ഷണ വകുപ്പ് – ഡയറക്ടറേറ്റ് – വികാസ് ഭവൻ,**
**തിരുവനന്തപുരം**

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് –ജീവനകാര്യം– ഇടുക്കി – വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. അരുൺകുമാർ.എസ്.എൽന് സർക്കാരിന്റെ പ്രത്യേക ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| **നമ്പർ: AHD/567/2019-K4.** | **തീയതി:14/12/2019** |

പരാമർശം: 1) സ.ഉ.(പി) നം.36/91/ഉഭപവ. തീയതി, 02/12/1991.
2) സ.ഉ(കൈ)നം.29/2019/എ.എച്ച്.ഡി. തീയതി, 18/11/2019.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ.അരുൺകുമാർ.എസ്.എൽ – ന് അനുകമ്പാർഹ പരിഗണന നൽകി അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതിന്, 5 വർഷം സേവനം പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് അനുവദിച്ചുകൊണ്ട് ഇതൊരു പ്രത്യേക കേസായി, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഇടുക്കി ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് നിലവിലുള്ള/ ഇനിയുണ്ടാകുന്ന ആദ്യ ഒഴിവിൽ സ്ഥലംമാറ്റം നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ. അരുൺകുമാർ. എസ്.എൽ – ന് പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും, നിലവിലുള്ള അന്തർ ജില്ലാ സ്ഥലംമാറ്റ വ്യവസ്ഥകൾക്കും വിധേയമായി തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ആഫീസർ, ടിയാന് ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള/ ഇനിയുണ്ടാകുന്ന ആദ്യ ഒഴിവിൽ നിയമനം നൽകേണ്ടതും , പ്രസ്തുത വിവരം ഈ ആഫീസിൽ റിപ്പോർട്ട് ചേയ്യേണ്ടതുമാണ്.

തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ആഫീസറിൽ നിന്ന് നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഇടുക്കി ജില്ലാ മൃഗസംരക്ഷണ ആഫീസർ വണ്ടിപെരിയാർ വെറ്ററിനറി ഡിസ്പെൻസറിയിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II ശ്രീ.

അരുൺകുമാർ.എസ്.എൽ – നെ വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാരനെ വിടുതൽ ചെയ്യുന്നതും/ ജോലിയിൽ പ്രവേശിപ്പിക്കുന്നതുമായ വിവരം നിയന്ത്രണോദ്യോഗസ്ഥൻ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്.

Signature Not Verified
Digitally signed by Dr M K Prasad
Date: 2019.12.14 22:22:35 IST
Reason: Approved

**DR.PRASAD M K**

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്,

1) ശ്രീ. അരുൺകുമാർ.എസ്.എൽ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II (നിയന്ത്രണോദ്യോഗസ്ഥൻ മുഖേന)

2) ജില്ലാ മൃഗസംരക്ഷണ ആഫീസർ – ഇടുക്കി / തിരുവനന്തപുരം.

3) ഐ.റ്റി സെക്ഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

4) സ്റ്റോക്ക് ഫയൽ – കെ4 സീറ്റ്